പാഠം 1 ജൂൺ 24–30

# പൗലൊസ്: ജാതികൾക്കുള്ള അപ്പൊസ്തലൻ

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: അ.പ്ര. 6:9–15; 9:1–9; 1 ശമൂ. 16:7; മത്താ. 7:1; അ.പ്ര. 11:19–21; 15:1–5.**

**മനഃപാഠവാക്യം: "അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു: അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നൽകിയല്ലോ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി" (അ.പ്ര. 11:18).**

തർശീസുകാരനായ ശൗലിനെയോ (അവന്റെ മാനസാന്തരത്തിനുശേഷം അപ്പൊസ്തലനായ പൗലൊസ് എന്നും അറിയപ്പെട്ടു). അവൻ ചെയ്തത് എന്തിനു ചെയ്തു എന്നതിനെയോ മനസ്സിലാക്കുക അത്ര പ്രയാസമുള്ള കാര്യമല്ല. അവന്റെ ജീവിതകാലം മുഴുവൻ ന്യായപ്രമാണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വേഗം വരുവാനുള്ള യിസ്രായേലിന്റെ രാഷ്ട്രീയ വീണ്ടെടുപ്പിനെക്കുറിച്ചും പഠിപ്പിക്കപ്പെട്ട ദൈവഭക്തിയുള്ള ഒരു യെഹൂദനെന്ന നിലയ്ക്ക്, ദീർഘനാളായി കാത്തിരുന്ന മിശിഹായെ ലജ്ജാകരമാംവിധം ഏറ്റവും നികൃഷ്ടനായ ഒരു കുറ്റവാളിയെപ്പോലെ കൊന്നുകളയാം എന്ന ആശയം അവനു സഹിക്കാൻ പറ്റുന്നതിലും അപ്പുറമായിരുന്നു.

അപ്പോൾ പിന്നെ, യേശുവിന്റെ അനുയായികൾ തൊറയോട് അവിശ്വസ്തരാണെന്നും, അപ്രാകാരം യിസ്രായേലിനായുള്ള ദൈവിക പദ്ധതി തടസ്സപ്പെടുത്തുകയാണെന്നും അവന് ബോദ്ധ്യപ്പെട്ടതിൽ ആശ്ചര്യമൊന്നുമില്ല. ക്രൂശിക്കപ്പെട്ട യേശു മിശിഹായാണെന്നും അവൻ മരിച്ചവരിൽനിന്നും ഉയിർത്തു എന്ന അവരുടെ അവകാശവാദവും തികഞ്ഞ മതവിശ്വാസ ത്യജിക്കലാണെന്നും അവൻ വിശ്വസിച്ചു. അപ്രകാരമുള്ള അസംബന്ധത്തിന് യാതൊരു സ്ഥാനവുമില്ല. കൂടാതെ ആ ധാരണകൾ ഉപേക്ഷിക്കാൻ കഴിയാത്തവരെ അംഗീകരിക്കാനും കഴിയില്ല. യിസ്രായേലിൽ നിന്നും ഇപ്രകാരമുള്ള വിശ്വാസങ്ങളെ ഒഴിവാക്കാനുള്ള ദൈവത്തിന്റെ വക്താവായിരിക്കാൻ ശൗൽ നിശ്ചയിച്ചു. അതിനാൽ, യേശു മിശിഹായാണെന്ന് വിശ്വസിച്ച അവന്റെ സഹയെഹൂദന്മാരെ പീഡിപ്പിക്കുന്ന ഒരു അക്രമസ്വഭാവമുള്ളവനായി അവനാദ്യമായി തിരുവെഴുത്തുകളിൽ പ്രത്യക്ഷപ്പെടുന്നു.

എന്നിരുന്നാലും, ദൈവത്തിന് ശൗലിനെക്കുറിച്ച് തികച്ചും വ്യത്യസ്തമായ പദ്ധതികളുണ്ടായിരുന്നു. അവന് സ്വയമായി ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയാതിരുന്ന പദ്ധതികൾ: ഈ യെഹൂദന്മാർ യേശുവിനെ മിശിഹായായി പ്രസംഗിക്കുക മാത്രമല്ല, അവൻ അത് ജാതികളുടെയിടയിൽ ചെയ്യാൻ പോവുകയാണ്!

ജൂലൈ 1 ലെ ശബ്ബത്തിനായി ഒരുങ്ങാൻ ഈയാഴ്ചയിലെ പാഠം പഠിക്കുക.

## ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നവൻ

തർശീസുകാരനായ ശൗൽ ആദ്യം അപ്പൊസ്തല പ്രവൃത്തികളിൽ പ്രത്യക്ഷപ്പെടുന്നത് സ്തെഫാനോസിനെ കല്ലെറിയുന്ന രംഗത്തിലാണ് (അ.പ്ര. 7:58). പിന്നീട് യെരൂശലേമിൽ പൊട്ടിപ്പുറപ്പെട്ട വ്യാപകമായ പീഡനവുമായി ബന്ധപ്പെട്ട് (അ.പ്ര. 8:1–5). അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ പത്രൊസും, സ്തെഫാനോസ്, ഫിലിപ്പോസ്, പൗലൊസ് എന്നിവർ സുപ്രധാന പങ്കുവഹിക്കുന്നു. കാരണം, യെഹൂദാ ലോകത്തിനു പുറത്തേക്ക് ക്രിസ്ത്യാനിത്വം പരക്കുന്നതിനിടയാക്കിയ സംഭവങ്ങളിൽ ഇവനും ഉൾപ്പെട്ടിരുന്നു. പ്രത്യേക പ്രാധാന്യം സ്തെഫാനോസിനുണ്ട്. കാരണം അവന്റെ പ്രസംഗ ശുശ്രൂഷയും രക്തസാക്ഷിത്വവും തർസീസുകാരനായ ശൗലിന്റെ മേൽ ഒരു ശക്തമായ സ്വാധീനമുണ്ടാക്കിയതായി തോന്നുന്നു.

സ്തെഫാനോസ് സ്വയം ഒരു ഗ്രീക്ക് സംസാരിക്കുന്ന യെഹൂദനായിരുന്നു. ആദിമ ഡീക്കന്മാരിൽ ഒരുവനും (അ.പ്ര. 6:3–6). അപ്പൊസ്തല പ്രവൃത്തികൾ പ്രകാരം, യെരൂശലേമിൽ താമസിക്കുവാൻ വന്ന ഒരുകൂട്ടം വിദേശ യെഹൂദന്മാർ (അ.പ്ര. 6:9) സ്തെഫാനോസ് യേശുവിനെക്കുറിച്ച് പ്രസംഗിച്ച ഉള്ളടക്കത്തെ സംബന്ധിച്ച് ഒരു തർക്കത്തിലേർപ്പെട്ടു. തർശീസുകാരനായ ശൗൽ ഈ തർക്കങ്ങളിൽ ഉൾപ്പെട്ടിരുന്നു എന്നതിന് ഏറെ സാദ്ധ്യതയുണ്ട്.

**അ.പ്ര. 6:9–15 വായിക്കുക: എന്ത് ആരോപണങ്ങളാണ് സ്തെഫാനോസിനെതിരെ കൊണ്ടുവരപ്പെട്ടത്? ഈ ആരോപണങ്ങൾ നിങ്ങളെ എന്തിനെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു? (മത്താ. 26:59–61ഉം കാണുക).**

സ്തെഫാനോസിന്റെ പ്രസംഗങ്ങളോടുള്ള കടുത്ത ശത്രുത രണ്ട് കാര്യങ്ങളിൽ നിന്നാണ് എന്നു തോന്നുന്നു. ഒരു ഭാഗത്ത്, യെഹൂദാ ന്യായപ്രമാണത്തിലും ദൈവാലയത്തിലും അവൻ പ്രാധാന്യം നൽകാത്തത് അവന്റെ ശത്രുക്കളുടെ ദേഷ്യം സമ്പാദിക്കാൻ കാരണമായി. ഇവ യെഹൂദാ മതത്തിന്റെ മുഖ്യ വിഷയവും ദേശീയവും മതപരവുമായ വ്യക്തിത്വത്തിന്റെ വിലമതിക്കാനാവാത്ത അടയാളങ്ങളുമായിരുന്നു. എന്നാൽ സ്തെഫാനോസ് ഈ രണ്ട് ബിംബങ്ങളെക്കുറച്ചു കാണിക്കുക മാത്രമല്ല ചെയ്തത്; ക്രൂശിക്കപ്പെട്ടവനും ഉയിർത്തവനുമായ യേശു എന്ന മിശിഹായാണ് യെഹൂദാ വിശ്വാസത്തിന്റെ യഥാർത്ഥ കേന്ദ്രമെന്ന് അവൻ ശക്തമായി പ്രഖ്യാപിച്ചു.

അപ്പോൾ പിന്നെ പരീശനായ ശൗലിനെ അവൻ കോപാകുലനാക്കി എന്നതിൽ ആശ്ചര്യമൊന്നുമില്ല, ആദിമ ക്രിസ്ത്യാനികൾക്കെതിരെയുള്ള അവന്റെ തീക്ഷ്ണത. സൂചിപ്പിക്കുന്നത് അവൻ ഒരുപക്ഷേ പരീശന്മാരുടെ കൂട്ടത്തിൽ വിപ്ലവ ശുഷ്കാന്തിയുള്ള കർശനമായതും യുദ്ധപ്രിയരുമായ ഒരു കൂട്ടത്തിൽ ഉൾപെട്ടിരുന്നവനാണെന്നാണ്. ദൈവരാജ്യത്തെക്കുറിച്ചുള്ള വലിയ പ്രവചനവാഗ്ദാനങ്ങൾ ഇതുവരെ നടപ്പായിരുന്നില്ല എന്ന് ശൗൽ കണ്ടു (ദാനി. 2, സെഖ. 8:23; യെശ.40–55). ആ ദിവസം കൊണ്ടുവരുന്നതിന് ദൈവത്തെ സഹായിക്കുകയെന്നത് അവന്റെ ദൗത്യമാണെന്ന് ഒരുപക്ഷേ അവൻ വിശ്വസിച്ചിരുന്നിരിക്കാം. അത് ചെയ്യുന്നതിന് യേശുവാണ്

മിശിഹാ എന്ന ആശയം ഉൾപ്പെടെയുള്ള മതപരമായ അഴിമതി വൃത്തിയാക്കി യിസ്രായേലിനെ ശുദ്ധീകരിക്കുന്നതിലൂടെ സാദ്ധ്യമാകും.

**അവൻ ശരിയാണെന്ന് ബോദ്ധ്യമുള്ളതുകൊണ്ട്: അവന് തെറ്റെന്ന് തോന്നി യവരെ കൊല്ലുവാനും ശൗൽ തയ്യാറായിരുന്നു; നാം വിശ്വസിക്കുന്നതിൽ നമുക്ക് ശുഷ്കാന്തിയും തീക്ഷ്ണതയും വേണ്ടപ്പോഴും, ചില നേരങ്ങളിൽ നാം തെറ്റായിരിക്കും എന്ന തിരിച്ചറിവിലൂടെ നമ്മുടെ തീക്ഷ്ണതയെ ശാന്തമാക്കാൻ പഠിക്കാൻ നമുക്കെങ്ങനെ കഴിയും?**

**തിങ്കൾ** **ജൂൺ 26**

**ശൗലിന്റെ മാനസാന്തരം**

**"നീ ആരാകുന്നു കർത്താവേ എന്ന് അവൻ ചോദിച്ചതിന് നീ ഉപദ്രവി ക്കുന്ന യേശുവാകുന്നു ഞാൻ" (അ.പ്ര. 9:5).**

ആരംഭത്തിൽ ശൗലിന്റെ ക്രിസ്ത്യാനികളോടുള്ള പീഡനം അത്ര പ്രകടമല്ലെ ങ്കിലും (അവൻ കൊല്ലുന്നവരുടെ വസ്ത്രങ്ങൾ പിടിക്കുക മാത്രമാണ് ചെയ്യുന്നത്), അത് വേഗത്തിൽ തീക്ഷ്ണമായി മാറുന്നു (അ.പ്ര. 8:1–3; 9:1,2,13,14,21; 22:3–5 എന്നിവ കാണുക).

ശൗലിനെ വർണ്ണിക്കാൻ ലൂക്കൊസ് ഉപയോഗിക്കുന്ന നിരവധി വാക്കുകൾ അവന്റെ എതിരാളിയെ നശിപ്പിക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന ഒരു കൊള്ളയടി ക്കുന്ന പട്ടാളക്കാരന്റെയോ ഒരു ശൗര്യമുള്ള വന്യജീവിയുടെയോ ചിത്രം വരച്ചു കാട്ടുന്നു അ.പ്ര. 8:3ൽ തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്ന "പിടിച്ചിഴച്ച്" എന്ന വാക്ക്. ഉദാഹരണത്തിനു പഴയനിയമത്തിന്റെ ഗ്രീക്ക് തർജ്ജമയിൽ (സങ്കീ. 80:13) നിയ ന്ത്രണമില്ലാത്തതും നശീകരണപ്രവണതയുള്ളതുമായ ഒരു കാട്ടുപന്നിയുടെ പരാ ക്രമം കാണിക്കുന്നതിന് ഉപയോഗിക്കുന്നു. ക്രിസ്ത്യാനികൾക്കെതിരായുള്ള ശൗലിന്റെ കുരിശുയുദ്ധം നിശ്ചയമായും പകുതിമനസ്സോടെയുള്ള ഒരു കാര്യമായി രുന്നില്ല. അത് ക്രിസ്തീയ വിശ്വാസത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള മനഃപൂർവ്വവും കണക്കുകൂട്ടിയതുമായ ഒരു പദ്ധതിയായിരുന്നു.

**ശൗലിന്റെ മാനസാന്തരത്തെക്കുറിച്ചുള്ള മൂന്ന് വിവരണങ്ങൾ നോക്കുക (അ.പ്ര. 9:1–18; 22:6–21; 26:12–19). ഈയനുഭവത്തിൽ ദൈവകൃപയ്ക്ക് എന്ത് പങ്കാണ് ഉണ്ടായിരുന്നത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ; ദൈവം അവനോട് കാണിച്ച നന്മയിൽ എത്രമാത്രം ശൗൽ അർഹിച്ചിരുന്നു?**

ഒരു മാനുഷിക കാഴ്ചപ്പാടിൽനിന്ന്, ശൗലിന്റെ മാനസാന്തരം, അസാദ്ധ്യമായി തോന്നിയിരിക്കാം (അതിനാലാണ് ഇതിനെക്കുറിച്ച് പലതും ആദ്യമായി കേട്ടപ്പോൾ സന്ദേഹത്തോടെ അതിനെ ഉൾക്കൊണ്ടത്).

ശൗൽ അർഹിച്ചിരുന്ന ഒരേയൊരു കാര്യം ശിക്ഷയാണ്. പകരം ഈ തീക്ഷ്ണ തയുള്ള യെഹൂദന് ദൈവം കൃപ നൽകി. എന്നിരുന്നാലും, ഒരു കാര്യം ശ്രദ്ധിക്കേണ്ട താണ്. ശൗലിന്റെ മാനസാന്തരം സംഭവിച്ചത് ഒരു ശൂന്യതയിലോ സമ്മർദ്ദത്തിനു പുറത്തോ അല്ല. ശൗൽ ഒരു നിരീശ്വരവാദിയായിരുന്നില്ല. അവൻ ഒരു മതവിശ്വാ

സമുള്ളവനായിരുന്നു, ദൈവത്തെക്കുറിച്ചുള്ള തിരിച്ചറിവിൽ അവന് ഗുരുതരമായി തെറ്റുപറ്റിയെങ്കിലും പൗലൊസിനോടുള്ള യേശുവിന്റെ വാക്കുകൾ " മുള്ളിന്റെ നേരെ ഉതയ്ക്കുന്നത് നിനക്കു വിഷമം ആകുന്നു..." (അ.പ്ര. 26:14) എന്നത് സൂചിപ്പിക്കുന്നത് ആത്മാവ് ശൗലിനെ കുറ്റം വിധിക്കുകയായിരുന്നുവെന്നാണ്. പുരാതന ലോകത്തിൽ "മുള്ള്" എന്നത് കാളകൾ നിലം ഉഴുതാൻ വിസമ്മതിക്കുമ്പോൾ അവയെ മുൻപോട്ട് നയിക്കാനായി ഉപയോഗിക്കുന്ന കൂർത്ത അറ്റമുള്ള ഒരു വടിയാണ്. ദൈവത്തിന്റെ നടത്തിപ്പിനെ ശൗൽ കുറെനാളായി എതിർക്കുകയായിരുന്നു. എന്നാൽ ഒടുവിലായി ദമസ്കോസിലേക്കു വഴിമദ്ധ്യേ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവുമായുള്ള ഒരു അതിശയകരമായ ഏറ്റുമുട്ടലിൽ, ഇനിമേലിൽ ചെറുത്തുനിൽക്കേണ്ട എന്ന് ശൗൽ തീരുമാനിച്ചു.

**നിങ്ങളുടെ സ്വന്തം മാനസാന്തരാനുഭവത്തെക്കുറിച്ച് ഒന്ന് പുറകോട്ടു ചിന്തിക്കുക. ചിലപ്പോൾ അത് പൗലൊസിന്റെ അത്ര നാടകീയമായിരുന്നിരിക്കില്ല (മിക്കവയും അങ്ങനെയല്ല). എന്നാൽ എന്ത് സമാനരീതികളിലാണ് നിങ്ങൾ ദൈവകൃപയുടെ സ്വീകർത്താവായത്? നമുക്ക് ക്രിസ്തുവിൽ നൽകപ്പെട്ടിരിക്കുന്നതിനെ ഒരിക്കലും മറക്കാതിരിക്കേണ്ടത് എന്തുകൊണ്ട് പ്രധാനമാണ്?**

**ചൊവ്വ** **ജൂൺ 27**

**ശൗൽ ദമസ്കൊസിൽ**

യേശുവുമായുള്ള ശൗലിന്റെ കൂട്ടിക്കാഴ്ചയുടെ സമയത്ത്, അവൻ അന്ധനാക്കപ്പെടുകയും യൂദാ എന്നൊരാളുടെ ഭവനത്തിൽ പോയി അനന്യാസ് എന്ന മറ്റൊരു മനുഷ്യനുവേണ്ടി കാത്തിരിക്കാനും നിർദ്ദേശിക്കപ്പെട്ടു. ശൗലിന്റെ ശാരീരിക അന്ധത യേശുവിന്റെ അനുയായികളെ പീഡിപ്പിക്കുന്നതിലേക്ക് നയിച്ച ആത്മീയഅന്ധതയുടെ ഒരു ശക്തമായ ഓർമ്മപ്പെടുത്തലായിരുന്നുവെന്നതിൽ സംശയമൊന്നുമില്ല.

ദമസ്കൊസിലേക്കുള്ള വഴിമദ്ധ്യേ യേശുവിന്റെ പ്രത്യക്ഷപ്പെടൽ സകലതും മാറ്റിമറിച്ചും അവൻ വളരെ ശരിയാണെന്ന് തോന്നിയ സ്ഥാനത്ത് അവൻ തികച്ചും തെറ്റായിരുന്നു. ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം, അവൻ ദൈവത്തിനെതിരായി പ്രവർത്തിക്കുകയായിരുന്നു. യെരൂശലേമിൽനിന്നും വിട്ടുപോയ അഹംഭാവിയും തീക്ഷ്ണതയുള്ളതുമായ പരീശന് പകരം ദമസ്കൊസിൽ പ്രവേശിച്ച ശൗൽ ഒരു വ്യത്യസ്ത മനുഷ്യനായിരുന്നു. തിന്നുന്നതിനും കുടിക്കുന്നതിനും പകരം, ദമസ്കൊസിലുള്ള അവന്റെ ആദ്യ മൂന്ന് ദിവസം സംഭവിച്ചതെല്ലാം അവനോർത്തപ്പോൾ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞു.

അ.പ്ര. 9:10-14 വായിക്കുക. അനന്യാസിന്റെ മനസ്സിൽ എന്ത് നടക്കുകയായിരുന്നുവെന്ന് ഭാവന ചെയ്യുക: പീഡകനായ ശൗൽ, ഇപ്പോൾ യേശുവിൽ ഒരു വിശ്വാസി മാത്രമല്ല, അവൻ പൗലൊസുമായി, ജാതികളുടെ ലോകത്തേക്ക് സുവിശേഷം കൊണ്ടുചെല്ലുവാൻ ദൈവം തെരഞ്ഞെടുത്ത അവന്റെ അപ്പൊസ്തലൻ (അ.പ്ര. 26:16-18).

അനന്യാസ് സ്വല്പം ആശയക്കുഴപ്പത്തിലായി എന്നതിൽ ആശ്ചര്യമൊന്നുമില്ല. പൗലൊസ് മാനസാന്തരപ്പെട്ട് (അ.പ്ര. 9:26-30) മൂന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും പൗലൊ സിനെ അംഗീകരിക്കാൻ യെരൂശലേമിലെ സഭ വൈമനസ്യം കാണിച്ചു വെങ്കിൽ, സംഭവത്തിനു ദിവസങ്ങൾക്കുശേഷം മാത്രം ദമസ്കൊസിലുള്ള വിശ്വാ സികളുടെ ഹൃദയങ്ങളിലെന്തെല്ലാം ചോദ്യങ്ങളും വിഷമങ്ങളും ഉണ്ടായിക്കാണും!

തർശീസുകാരനായ ശൗലിന്റെ അപ്രതീക്ഷിതവും ആശ്ചര്യകരവുമായ വാർത്ത യെക്കുറിച്ച് പറഞ്ഞുകൊണ്ട് ദൈവം അനന്യാസിന് ഒരു ദർശനവും നൽകിയിരുന്നു എന്ന കാര്യംകൂടി ശ്രദ്ധിക്കുക: അവനോട് പറഞ്ഞത് സത്യമാണെന്ന് വിശ്വസിക്കാൻ ഒരു ദർശനത്തിൽ കുറഞ്ഞതൊന്നും മതിയാകുമായിരുന്നില്ല; യെഹൂദാ ജനങ്ങളുടെ ശത്രു ഇപ്പോൾ അവരിലൊരാളായ കാര്യം. ശൗൽ യെരൂശലേം വിട്ടത് ക്രിസ്തു മതത്തെ വേരോടെ പിഴുതെറിയാനുള്ള മഹാപുരോഹിതന്മാരുടെ അധികാരവും ദൗത്യവും വാങ്ങിക്കൊണ്ടാണ് (അ.പ്ര. 26:12). എന്നിരുന്നാലും, ദൈവം തികച്ചും വ്യത്യസ്തമായൊരു ദൗത്യം ശൗലിനുവേണ്ടി കരുതിയിരുന്നു. വളരെയധികം അധി കാരത്തിൽ അധിഷ്ഠിതമായ ഒന്ന്, ശൗൽ ജാതികളുടെ ഇടയിലേക്ക് സുവിശേഷം കൊണ്ടെത്തിക്കണമായിരുന്നു. ശൗലിന്റെ മാനസാന്തരത്തിലും അധികമായി അന ന്യാസിനെയും മറ്റു യെഹൂദാ വിശ്വാസികളെയും അമ്പരിപ്പിച്ച ഒരു ആശയം.

ക്രിസ്തീയവിശ്വാസം പടരുന്നതിന് അവസാനമാക്കാൻ ശൗൽ യത്നിച്ചപ്പോൾ, യെഹൂദാ വിശ്വാസികൾ ഒരിക്കലും ഭാവന ചെയ്യാനാവാത്തവിധം ദൂരത്തിൽ അതെ ത്തിക്കുവാൻ ദൈവം ഇപ്പോൾ അവനെത്തന്നെ ഉപയോഗിക്കും.

**1 ശമൂ. 16:7; മത്താ. 7:1; 1 കൊരി. 4:5 എന്നിവ വായിക്കുക. മറ്റുള്ളവരുടെ ആത്മീയ അനുഭവം നാം നോക്കിക്കാണുന്നതിൽ നാം എന്തുകൊണ്ട് ശ്രദ്ധാ ലുക്കളായിരിക്കണം എന്ന ബന്ധത്തിൽ, ഈ വാക്യങ്ങളുടെ സന്ദേശം എന്താണ്? മറ്റുള്ളവരെ വിലയിരുത്തുന്നതിൽ നിങ്ങൾ എന്ത് തെറ്റുകളാണ് ചെയ്തിട്ടുള്ളത്, ആ തെറ്റുകളിൽനിന്ന് നിങ്ങൾ എന്താണ് പഠിച്ചിട്ടുള്ളത്?**

**ബുധൻ** **ജൂൺ 28**

## സുവിശേഷം ജാതികളിലേക്ക്

**ജാതികൾക്കുള്ള ആദ്യസഭ എവിടെയാണ് സ്ഥാപിക്കപ്പെട്ടത്? എന്ത് സംഭ വങ്ങളാണ് വിശ്വാസികൾ അവിടെ പോകുവാൻ കാരണമായത്? (അ.പ്ര. 11:19-21,26). പഴയനിയമ കാലങ്ങളിൽനിന്ന് അത് നിങ്ങളെ എന്ത് ഓർമ്മിപ്പിക്കുന്നു? (ദാനീയേൽ 2 കാണുക).**

സ്തെഫാനോസിന്റെ മരണശേഷം യെരൂശലേമിൽ പൊട്ടിപ്പുറപ്പെട്ട പീഡന പരമ്പര അനേകം യെഹൂദാവിശ്വാസികളെ അന്ത്യോക്യയ്ക്ക് 300 മൈലുകളോളം വടക്കുഭാഗത്തേക്ക് പാലായനം ചെയ്യാൻ കാരണമാക്കി. റോമാസംസ്ഥാനമായ സിറി യയുടെ തലസ്ഥാനമെന്ന നിലയിൽ പ്രാധാന്യത്തിൽ റോമിനും അലക്സാണ്ടിറി യയ്ക്കും ശേഷം അന്ത്യോക്യയായിരുന്നു.

അതിന്റെ 5 ലക്ഷത്തോളം വരുന്ന ജനസംഖ്യ തികച്ചും സാർവ്വലൗകികരായ തുകൊണ്ട് ഒരു ജാതികളുടെ സഭ സ്ഥാപിക്കുന്നതിനു മാത്രമല്ല പിന്നെയോ ലോക വ്യാപകമായ ആദിമസഭയുടെ ഒരു ആരംഭ അടിത്തറ എന്ന നിലയിലും.

**ബർന്നബാസിന്റെ വരവിൽ അവസാനിക്കുകയും തുടർന്ന് അവൻ പൗലൊസിനെ തന്നോടൊപ്പം വിളിച്ചു താമസിപ്പിക്കുകയും ചെയ്യേണ്ടിവന്ന എന്താണ് അന്ത്യൊക്യയിൽ സംഭവിച്ചത്? അവിടെയുള്ള സഭയെക്കുറിച്ച് എന്തു ചിത്രമാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്?**

പൗലൊസിന്റെ ജീവിതത്തിന്റെ ഒരു കാലക്രമം നിർമ്മിക്കുക ബുദ്ധിമുട്ടാണ്, എന്നാൽ അവന്റെ മാനസാന്തരശേഷമുള്ള യെരൂശലേം യാത്രയ്ക്കും (അ.പ്ര. 9:26-30). അവനോടൊപ്പം അന്ത്യൊക്യയിൽ ചേരുന്നതിനുള്ള ബർണ്ണബാസിന്റെ ക്ഷണത്തിനുമിടയിൽ 5 വർഷം കടന്നുപോയി എന്നു തോന്നുന്നു. ആ വർഷങ്ങളിലെല്ലാം പൗലൊസ് എന്ത് ചെയ്യുകയായിരുന്നു? എന്നാൽ ഗലാത്യർ 1:21 ലുള്ള അവന്റെ പരാമർശങ്ങളിൽനിന്നും അവൻ സിറിയ, സിലിഷിയ മേഖലകളിൽ പ്രസംഗിക്കുകയായിരുന്നുവെന്ന് കരുതാം. ചിലർ നിർദ്ദേശിക്കുന്നത് ഈ സമയത്തായിരിക്കണം അവന്റെ കുടുംബം അവനെ തള്ളിക്കളഞ്ഞതും (ഫിലി. 3:8) 2 കൊരി. 11:23-28ൽ അവൻ പറഞ്ഞിരിക്കുന്ന ദുരിതങ്ങൾ അനുഭവിച്ചതും ആത്മാവിന്റെ നടത്തിപ്പിൽ അന്ത്യൊക്യയിലെ സഭ പുഷ്പിച്ചു. അ.പ്ര. 13:1 ലുള്ള വിവരണം വ്യക്തമാക്കുന്നത് പട്ടണത്തിന്റെ സാർവ്വലൗകികമായ പ്രകൃതം വേഗത്തിൽ അതിന്റെ വർഗ്ഗപരവും സാമൂഹികവുമായ വൈവിദ്ധ്യം സഭയിൽ പ്രതിഫലിച്ചു എന്നാണ് (ബർണബാസ് സൈപ്രസിൽനിന്നും, ലൂസിയസ്സ് സൈറീനിൽനിന്നും, പൗലൊസ് കില്യക്കിയിൽ നിന്നും ശീമോൻ ഒരു പക്ഷേ അഫ്രിക്കയിൽനിന്നും, മറ്റു ജാതികളിൽനിന്നും മാനസാന്തരപ്പെട്ടവരെക്കൂടി കണക്കിലെടുത്തു). സിറിയയ്ക്കും യെഹൂദിയയ്ക്കും അപ്പുറമായി അന്ത്യൊക്യ കേന്ദ്രമാക്കി കൂടുതൽ ജാതികളിലേക്ക് സുവിശേഷം എത്തിക്കുവാൻ പരിശുദ്ധാത്മാവ് തീരുമാനിച്ചു.

**അ.പ്ര. 11:19-26 വീണ്ടും വായിക്കുക: വർഗ്ഗപര മായും സാമൂഹ്യമായും വൈവിദ്ധ്യമുണ്ടായിരുന്ന അന്ത്യൊക്യയിലെ സഭയിൽ നിലനിന്നിരുന്ന നന്മയിൽ നിന്നും നമുക്ക് എന്തു പഠിക്കാൻ കഴിയും?**

**വ്യാഴം** **ജൂൺ 29**

**സഭയ്ക്കുള്ളിൽ വിയോജിപ്പ്**

നിശ്ചയമായും, മാനുഷികമായ യാതൊന്നും പൂർണ്ണമല്ല, ആദിമ വിശ്വാസ സമൂഹത്തിലും പ്രയാസങ്ങൾ ഉണ്ടാകാൻ അധികം സമയമെടുത്തില്ല.

പ്രാരംഭമായി, ജാതികളായ വിശ്വാസികൾ ആദിമസഭയിൽ പ്രവേശിച്ചതിൽ ഏവർക്കും അത്ര സന്തോഷമായിരുന്നില്ല. "ജാതികളുടെ ദൗത്യം" എന്ന ആശയത്തെക്കുറിച്ചുള്ള വിയോജിപ്പായിരുന്നില്ല പിന്നെയോ ഏതൊക്കെ ജാതികളെ എന്തടിസ്ഥാനത്തിലാണ് സഭയിൽ ചേർക്കേണ്ടത് എന്നതിനെക്കുറിച്ചായിരുന്നു. ക്രിസ്തുവിലുള്ള വിശ്വാസം മാത്രം പോരാ; ക്രിസ്തീയവിശ്വാസത്തിനാധാരമായി എന്ന്

ചിലർക്കു തോന്നി, അവർ വാദിച്ചത് ഇതിനു പുറമെ അഗ്രചർമ്മവും മോശെയുടെ ന്യായപ്രമാണം അനുസരിക്കുകയും വേണം എന്നതായിരുന്നു. ഒരു സത്യക്രിസ്ത്യാനിയായിരിക്കാൻ, ജാതികൾ അഗ്രചർമ്മം ഏൽക്കണം എന്നവർ ഉറപ്പിച്ചുപറഞ്ഞു. (കൊർന്നല്യൊസുമായുണ്ടായ പത്രൊസിന്റെ അനുഭവത്തിലൂടെയും അതിനെത്തുടർന്നുണ്ടായ പ്രതികരണത്തിലൂടെയും യെഹൂദന്മാരും ജാതികളും തമ്മിലുണ്ടായ വേർപാടിന്റെ വ്യാപ്തി നമുക്ക് അ.പ്ര. 10:1–11; 18ലും കാണാം).

ശമര്യക്കാരുടെയിടയിലുള്ളതും (അ.പ്ര. 8:14) ജാതികളുമൊത്തുള്ള അന്ത്യൊക്യയിലെ ഫിലിപ്പോസിന്റെ വേല നിരീക്ഷിക്കാൻ വന്ന യെരൂശലേമിലെ ഔദ്യോഗിക സന്ദർശകർ, ക്രിസ്തീയ സമൂഹത്തിൽ ജാതികളെ ഉൾപ്പെടുത്തിയതിന്റെ ബുദ്ധിമുട്ട് ചൂണ്ടിക്കാട്ടി എന്നിരുന്നാലും അഗ്രചർമ്മം ചെയ്യാത്ത റോമാ പടയാളിയായ കൊർന്നല്യൊസിന്റെ സ്നാനവുമായി ബന്ധപ്പെട്ടുള്ള പത്രൊസിന്റെ പ്രതികരണം, ആദിമ വിശ്വാസികൾക്കിടയിൽ ജാതികളെ സംബന്ധിച്ചുള്ള ചോദ്യത്തിലുണ്ടായിരുന്ന വിയോജിപ്പിന്റെ വ്യക്തമായ ഉദാഹരണമാണ്. കൊർന്നല്യൊസിനെപ്പോലെ വല്ലപ്പോഴും വരുന്ന ജാതിയിൽപ്പെട്ട ഒരുവന്റെ ഉൾപ്പെടുത്തൽ ചിലരെയെങ്കിലും അസ്വസ്ഥരാക്കിക്കാണും. എന്നാൽ സഭയുടെ വാതിലുകൾ യേശുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ജാതികൾക്ക് തുറന്നുകൊടുക്കുവാനുള്ള പൗലൊസിന്റെ മനഃപൂർവ്വമായ ശ്രമം പൗലൊസിന്റെ ശുശ്രൂഷയെ ബോധപൂർവ്വം കുറച്ചുകാണുന്നതിൽ കലാശിച്ചു.

**അന്ത്യൊക്യയിലുള്ള ജാതികളായ ക്രിസ്ത്യാനികൾക്കിടയിലുള്ള പൗലൊസിന്റെ വേലയെ എതിർക്കുവാൻ യെഹൂദ്യയിൽ നിന്നുള്ള ചിലവിശ്വാസികൾ എങ്ങനെയാണ് ശ്രമിച്ചത്? അ.പ്ര. 15:1–5.**

അ.പ്ര. 15 ലുള്ള യെരൂശലേം കൗൺസിൽ ആത്യന്തികമായി അഗ്രചർമ്മത്തിന്റെ കാര്യത്തിൽ പൗലൊസിനോടൊപ്പം ചേർന്നെങ്കിലും പൗലൊസിന്റെ ശുശ്രൂഷയോടൊപ്പമുള്ള എതിർപ്പു തുടർന്നു. ഏകദേശം 7 വർഷങ്ങൾക്കുശേഷം യെരൂശലേമിലേക്കുള്ള പൗലൊസിന്റെ അവസാനയാത്രയിൽ അനേകർ അപ്പോഴും പൗലൊസിന്റെ സുവിശേഷത്തോട് സംശയാലുക്കളായിരുന്നു. വാസ്തവത്തിൽ പൗലൊസ് ദൈവാലയം സന്ദർശിച്ചപ്പോൾ, ഏഷ്യയിൽനിന്നുള്ള യെഹൂദന്മാർ "യിസ്രയേൽ പുരുഷന്മാരെ സഹായിക്കുവിൻ; ഇവൻ ആകുന്നു ജനത്തിലും ന്യായപ്രമാണത്തിനും ഈ സ്ഥലത്തിനും വിരോധമായി എല്ലായിടത്തും എല്ലാവരെയും ഉപദേശിക്കുന്നവൻ" (അ.പ്ര. 21:28; 21:20,21 കാണുക) എന്നുവിളിച്ചുകൂവിയപ്പോൾ അവന് മിക്കവാറും അവന്റെ ജീവൻ നഷ്ടപ്പെട്ടു.

**പൗലൊസിന്റെ ഉപദേശത്തെക്കുറിച്ച് വിഷമിച്ചിരുന്ന ഈ യെഹൂദാവിശ്വാസികളുടെ സ്ഥാനത്ത് നിങ്ങളെത്തന്നെ വെക്കുക. എന്തുകൊണ്ടാണ് അവരുടെ വിഷമവും എതിർപ്പും അല്പം യുക്തമായി തോന്നുന്നത്? നമ്മുടെ സ്വന്തം മുൻകൂട്ടിയുള്ള ധാരണകളും, സാമൂഹ്യ (മതപരവും) ആശയങ്ങളും നമ്മെ വഴിതെറ്റിക്കാം എന്നതിന്, ഇതിൽനിന്നും നമുക്കെന്ത് പഠിക്കുവാൻ കഴിയും? നാമെത്ര നല്ല ഉദ്ദേശ്യമുള്ളവരാണെങ്കിലും അതേ തെറ്റുകൾ ഉണ്ടാക്കുന്നതിൽ നിന്ന് നമുക്ക് നമ്മെത്തന്നെ സംരക്ഷിക്കുവാൻ എങ്ങനെ പഠിക്കാൻ കഴിയും?**

**കൂടുതൽ ചിന്ത:-** സഭയും വ്യക്തിപരമായ മാനസാന്തരവും തമ്മിലുള്ള ബന്ധത്തിനായി EGW, Individual Independence pp 430-434 സഭയ്ക്കുള്ള സാക്ഷ്യങ്ങൾ Vol 3-ൽ വായിക്കുക. പൗലൊസിന്റെ ആദിമ കാലചരിത്രത്തിനും അവന്റെ മാനസാന്തരത്തിന്റെ വിവരണത്തിനുമായി, SDA Bible Commentarry, Vol 6, pp 226-234 കാണുക.

"ആദ്യമൊക്കെ പൗലൊസ് യെഹൂദാമതത്തിന്റെ തീക്ഷ്ണമായ ഒരു പ്രതിരോധകനും യേശുവിന്റെ അനുയായികളുടെ നിരന്തരമായ ഒരു പീഡകനുമായി അറിയപ്പെട്ടു. ധൈര്യശാലിയും, സ്വതന്ത്രനും, നിരന്തരമായി പ്രയത്നിക്കുന്നവനുമായ അവന് ഏതൊരു തസ്തികയിലും പ്രവർത്തിക്കാമായിരുന്നു. അവന് അനധിസാധാരണമായ വ്യക്തതയോടെ യുക്തിയുക്തം വാദിക്കാമായിരുന്നു. അവന്റെ നശിപ്പിക്കുന്ന കൊള്ളിവാക്കോടെ അവന്റെ എതിരാളിയെ അസൂയപ്പെടത്തക്കവിധം വെട്ടിലാക്കാമായിരുന്നു. ഇപ്പോഴാകട്ടെ ഈ അസൂയയുളവാക്കുന്ന അസാധാരണമായ കഴിവുകളുള്ള ചെറുപ്പക്കാരൻ അവൻ മുൻപ് പീഡിപ്പിച്ചിരുന്നവരുമായവരോട് കൂടുകയും ഭയലേശമെന്യെ യേശുവിന്റെ നാമത്തിൽ പ്രസംഗിക്കുന്നതും യെഹൂദന്മാർ കണ്ടു.

"യുദ്ധത്തിൽ കൊല്ലപ്പെടുന്ന ഒരു സൈന്യാധിപൻ തന്റെ സൈന്യത്തിനു നഷ്ടമാകുന്നു. എന്നാലവന്റെ മരണമാകട്ടെ സൈന്യത്തിനു വർദ്ധിതവീര്യമൊന്നും നൽകുന്നില്ല. എന്നാൽ പ്രാമുഖ്യമുള്ള ഒരുവൻ ശത്രുപക്ഷത്ത് ചേരുമ്പോൾ, അവന്റെ സേവനങ്ങൾ നഷ്ടപ്പെടുക മാത്രമല്ല, പിന്നെയോ അവൻ കൂട്ടുചേരുന്നവർക്ക് ഒരു വ്യക്തമായ നേട്ടമുണ്ടാക്കുകയും ചെയ്യുന്നു.

ദമാസ്കസ്സിലേക്കുള്ള വഴിമദ്ധ്യേ, തർശീസുകാരനായ ശൗലിനെ ദൈവത്തിന് എളുപ്പത്തിൽ കൊന്നുകളയാമായിരുന്നു. അങ്ങനെയാകുമ്പോൾ പീഡകശക്തിയിൽ നിന്ന് വലിയ ബലം പിൻവലിക്കാമായിരുന്നു. എന്നാൽ ദൈവം അവന്റെ വലിയ കരുതലിൽ ശൗലിന്റെ ജീവൻ ബാക്കിയാക്കി എന്നു മാത്രമല്ല, അവനെ മാനസാന്തരപ്പെടുത്തുകയും, അപ്രകാരം ഒരു വീരനെ ശത്രുപക്ഷത്തുനിന്ന് ക്രിസ്തുപക്ഷത്തേക്ക് കൊണ്ടുവന്നു. ഒരു വാചാലനായ പ്രാസംഗികനും, കടുത്ത വിമർശകനും ആയിരുന്ന പൗലൊസ്, അവന്റെ ഉറച്ച ഉദ്ദ്യേശ്യത്തോടും, അചഞ്ചലമായ ധൈര്യത്താലും, ആദിമ സഭയിൽ ആവശ്യമായിരുന്ന സവിശേഷഗുണങ്ങൾ കൈവശമുള്ള വനായിരുന്നു. EGW, The Acts of the Apostles, pp.124

**ചർച്ചാചോദ്യങ്ങൾ:**

1. പൗലൊസിന്റെ കടുത്ത എതിരാളികളിൽ ചിലർ യേശുവിൽ വിശ്വസിച്ചിരുന്ന സഹയെഹൂദരായിരുന്നു എന്ന വസ്തുതയിൽനിന്ന് നമുക്ക് എന്തു പാഠം പഠിക്കാൻ കഴിയും?

2. മതപരമായ തത്വങ്ങളുടെ കാര്യങ്ങൾക്കായി നിലകൊള്ളുവാനും അതേസമയം ദൈവത്തിനെതിരായി നിങ്ങൾ പോരാടുകയല്ല എന്നുറപ്പാക്കുവാനും നിങ്ങൾക്കെങ്ങനെ കഴിയും?

**സംഗ്രഹം:** ആദിമ സഭയുടെ ചരിത്രത്തിലും പൗലൊസിന്റെ ജീവിതത്തിലും നിർണ്ണായകമായ നിമിഷമായിരുന്നു ഉയിർത്തവനായ യേശുവുമായി ദമാസ്കസ്സിലേക്കുള്ള വഴിമദ്ധ്യേ നടന്ന മുഖാമുഖം. ഒരു സമയത്ത് സഭയുടെ പീഡകനായവനെ ദൈവത്തെ മാറ്റുകയും ജാതികൾക്ക് സുവിശേഷം എത്തിക്കുന്നതിനായി അവന്റെ അപ്പൊസ്തലനായി അവനെ ആക്കുകയും ചെയ്തു. എന്നിരുന്നാലും പൗലൊസ് ജാതികളെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രം സഭയിലുൾപ്പെടുത്തിയത് സഭയ്ക്കുള്ളിലുള്ള ചിലർക്ക് സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള ഒരു കാര്യമായി മുൻധാരണകളും മുൻവിധിയും നമ്മുടെ ദൗത്യത്തെ എങ്ങനെ തടസ്സപ്പെടുത്താം എന്നതിന്റെ ശക്തമായ ഒരുദാഹരണം.